ആനയുടെ ശല്യം നാട്ടിൽ കൂടിക്കൊണ്ടിരിക്കും. അതൊരു സ്വാഭാവികമായ കാര്യമാണ്. ആയുധം ഉപയോഗിച്ച് ഇവയെ വെടിവച്ച് കൊല്ലാൻ സാധിക്കില്ല. 1972-ലെ നിയമം അനുസരിച്ച് അതിന് കഴിയില്ല. പിന്നെയുള്ള പോംവഴി ആനയെ വിരട്ടിയോടിക്കുകയാണ്. നാശനഷ്ടങ്ങൾ സംഭവിച്ചാൽ അതിനുള്ള സഹായം നൽകുക എന്നുള്ളതാണ് സർക്കാരിന് ചെയ്യാവുന്ന കാര്യം. ഈയിനത്തിൽ മണ്ണാർക്കാട് ഡിവിഷനിൽ 29.46 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം കൊടുത്തിട്ടുണ്ട്. സൈലന്റ്വാലി ഡിവിഷനിൽ 9 ലക്ഷം രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്. 2014-15 വർഷങ്ങളിൽ ലഭിച്ച 219 അപേക്ഷകളിൽ 47.90 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 2015-16 വർഷത്തിൽ ഇന്നേദിവസം വരെ ഈയിനത്തിൽ 75 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 54 അപേക്ഷകളിന്മേൽ 16.60 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്നത് 21 അപേക്ഷകളാണ്. അതിനും നഷ്ടപരിഹാരം നൽകും.

വന്യമൃഗങ്ങൾ നാശം വിതയ്ക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കുന്ന ഒരു നടപടി മാത്രമാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നിലവിൽ ചെയ്യാൻ സാധിക്കുന്നത്. എന്നാൽ ഇതിനൊരു ശാശ്വതമായ പരിഹാരം കാണേണ്ടതായിട്ടുണ്ട്. ശാശ്വതമായ പരിഹാരം വേണമെങ്കിൽ ഇവയുടെ ആവാസസ്ഥലത്ത് അതിക്രമം കാണിക്കാതെയിരിക്കണം. മാത്രമല്ല, ഇവയെ ആകർഷിക്കുന്ന വിധത്തിലുള്ള ഭക്ഷ്യവസ്തുക്കൾ പുറത്ത് ഉൽപ്പാദിച്ചാൽ, ഭക്ഷണം ലഭിക്കാതിരിക്കുന്ന അവസരങ്ങളിൽ ഇവ കാടിനുപുറത്തേയ്ക്ക് വരും. ഈ പ്രശ്നങ്ങൾക്കെല്ലാം ശാശ്വതമായൊരു പരിഹാരത്തിനായി ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(27) ഡോ. അയ്യപ്പൻ കമ്മിറ്റിയിലെ പ്രതിനിധികൾ

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഇൻഡ്യയിലെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പുതിയ മത്സ്യനയം രൂപീകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഡോ. അയ്യപ്പൻ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഈ കമ്മിറ്റിയിൽ തീരദേശത്തെ എം.പി.മാരോ, തീരദേശ സംസ്ഥാനങ്ങളിലെ പ്രതിനിധികളോ മത്സ്യമേഖലയുമായി ബന്ധപ്പെട്ടവരോ ആരുമില്ല. പൂർണ്ണമായും ഉദ്യോഗസ്ഥൻമാർ മാത്രമുള്ളൊരു കമ്മിറ്റിയാണിത്. രാജ്യവ്യാപകമായി അതിനെതിരെ വലിയ പ്രക്ഷോഭം നടന്നുവരികയാണ്. പാർലമെന്റിലടക്കം അതിനെതിരെ ശക്തമായ രീതിയിലുള്ള പ്രക്ഷോഭമുണ്ടായി. തിരുവനന്തപുരം പിതാവ് സൂസപാക്യം തിരുമേനി ഉൾപ്പെടെയുള്ള ലത്തീൻ സഭകൾ പൂർണ്ണമായും അതിനെതിരെ ശക്തമായി രംഗത്തു വന്നിരിക്കുകയാണ്. ഇതിനുമുൻപുണ്ടായ പല കമ്മിറ്റികളും ഉദ്യോഗസ്ഥൻമാരെ മാത്രം വച്ചുകൊണ്ടുള്ളവയായിരുന്നു. മീനാകുമാരി കമ്മീഷൻ കമ്മിറ്റിയെ സദുദ്ദേശ്യത്തോടുകൂടി നിയമിച്ചുവെങ്കിലും പിന്നീട് വന്നതെല്ലാം ദുരുദ്ദേശ്യപരമായ റിപ്പോർട്ടുകളായിരുന്നു. 86 ചോദ്യങ്ങളാണ് ഡോ. അയ്യപ്പൻ കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യാവലിയിലുള്ളത്. എൻട്രൻസ് പരീക്ഷയിൽ ചോദിക്കുന്നതുപോലുള്ള വൺ വേർഡ് ഉത്തരങ്ങൾ ചോദിച്ചുകൊണ്ടുള്ളവയാണ് ഇവ. കോർപ്പറേറ്റുകളെ സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് മനഃപൂർവ്വം ഉണ്ടാക്കിയിട്ടുള്ള ഒരു കമ്മിറ്റിയാണ്. ഈ കമ്മിറ്റിയുമായി സഹകരിക്കാൻ ഒരു കാരണവശാലും കഴിയില്ല. മത്സ്യമേഖലയിലുള്ള ആളുകളേയും തീരദേശ സംസ്ഥാനങ്ങളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഈ കമ്മിറ്റി പുനഃസംഘടിപ്പിക്കണം. അതിനായി സംസ്ഥാന ഗവൺമെന്റ് ഇടപെടണം. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ശക്തമായ വികാരം പ്രകടിപ്പിക്കണം. അക്കാര്യം ഈ സഭയുടെയും മത്സ്യവിഭവ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ .ബാബു): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ്. മത്സ്യത്തൊഴിലാളികളുടെയിടയിൽ ഇന്ന് വലിയ ആശങ്കയുണ്ടായിട്ടുണ്ട്. ഡോ. അയ്യപ്പൻ കമ്മിറ്റി രൂപീകരിച്ച വിവരമോ ദേശീയ സമുദ്ര മത്സ്യമേഖല നയം രൂപീകരിക്കുന്നതിൽ പങ്കാളിയാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശമോ ഏതെങ്കിലും തരത്തിലുള്ള ഔദ്യോഗിക അറിയിപ്പുകളോ സംസ്ഥാന ഫിഷറീസ് വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല. ദേശീയ സമുദ്ര മത്സ്യമേഖല നയം രൂപീകരിക്കുന്നതിനായി ഡോ. അയ്യപ്പൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന വിവരവും അതുമായി ബന്ധപ്പെട്ട 85 ചോദ്യങ്ങളടങ്ങുന്ന ചോദ്യാവലിയും സി.എം.എഫ്.ആർ.ഐ. ആണ് ഫിഷറീസ് വകുപ്പിന് ഇ-മെയിൽ ചെയ്തതന്നത്. പ്രസ്തുത കമ്മിറ്റിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളെയോ ഈ മേഖലയുമായി ബന്ധപ്പെട്ട പ്രതിനിധികളെയോ ഉൾപ്പെടുത്തിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: കേരളത്തിൽനിന്ന് ആരുമില്ലേ?

ശ്രീ. കെ. ബാബു: സർ, ഇല്ല. സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ഏജൻസികളുമായോ സ്റ്റേക്ക് ഹോൾഡേഴ്സുമായോ യാതൊരു ആശയവിനിമയവും നടത്തിയിട്ടില്ല. 85 ചോദ്യങ്ങളടങ്ങിയ ചോദ്യാവലി സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തുമായി കാര്യമായ ബന്ധമില്ലാത്തതാണ്. രാജ്യത്തെ സമുദ്ര മത്സ്യ ഉൽപ്പാദനത്തിൽ നാലാം സ്ഥാനത്തുള്ള കേരളത്തിന് ദേശീയ സമുദ്ര മത്സ്യമേഖലാ നയരൂപീകരണത്തിൽ വലിയൊരു പങ്ക് വഹിക്കാനുണ്ട്. അതിനാൽ സംസ്ഥാനത്തിന്റെ പ്രതിനിധികളെയും കൂടി ഈ എക്സ്പെർട്ട് കമ്മിറ്റിയിൽ അംഗമാക്കി സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾക്കുകൂടി കാര്യമായ പരിഗണന നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും 10-12-2015-നും 11-12-2015-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാർ പല തീരുമാനങ്ങളും അടിച്ചേൽപ്പിക്കുകയാണ്. മീനാകുമാരി റിപ്പോർട്ടിന്റെ കാര്യത്തിൽ അതാണുണ്ടായത്. അതുപോലെ മൺസൂൺകാല ട്രോളിംഗ് നിരോധനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ സമ്പൂർണ്ണ മത്സ്യനിരോധനമാണ് കേന്ദ്ര ഗവൺമെന്റ് അടിച്ചേൽപ്പിച്ചത്. സംസ്ഥാന ഗവൺമെന്റ് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. ഇക്കാര്യത്തിലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വിധത്തിൽ ഏതെങ്കിലും തീരുമാനം ഉണ്ടായാൽ സംസ്ഥാന ഗവൺമെന്റ് ഭരണഘടനാപരമായ ബാധ്യതകൾ നിലനിർത്തിക്കൊണ്ടുതന്നെ ആ നയത്തെയും തീരുമാനങ്ങളെയും ശക്തമായി എതിർക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

(28) പുതിയ സ്കൂൾ കെട്ടിടം

ശ്രീ. എ. കെ.ബാലൻ: സർ, എന്റെ മണ്ഡലത്തിലെ കോട്ടായി ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2013-14 വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരുകോടി രൂപ നീക്കി വയ്ക്കുകയും പൊതുമരാമത്ത് വകുപ്പിനെ ചുമതലയേൽപ്പിക്കുകയും ചെയ്തിരുന്നു. 21-5-2013-നാണ് ഈ കത്ത് നൽകിയത്. ഒരു വർഷം കഴിഞ്ഞ് 11-7-2014-ന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചു. പണി ടെണ്ടർ ചെയ്യാൻ വീണ്ടും ഒരു വർഷമെടുത്തു. ഈ വർഷം ഒക്ടോബർ ഒന്നിന് നിർമ്മാണോദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിച്ചു. അപ്പോഴാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിക്കുന്നതിൽനിന്ന് പിൻമാറിയതായി അറിയുന്നത്. ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടും കരാറുകാരനെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിക്കാനോ തുടർനടപടി സ്വീകരിക്കാനോ വകുപ്പിലെ ഉദ്യോഗസ്ഥർ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല എന്നാണിത് വ്യക്തമാക്കുന്നത്. ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ യഥാസമയം നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് സംബന്ധിച്ചുള്ള നിരവധി വിമർശനങ്ങൾ ഈ സഭയിൽ വന്നതാണ്. ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാതിരിക്കുകയും ഇപ്പോൾ കരാറുകാരൻ പ്രവൃത്തി നിരസിക്കുകയും ചെയ്തതിലൂടെ ഇനി റേറ്റ് റിവിഷനും റീ-ടെണ്ടർ നടപടികളും വേണ്ടിവരും. ഇത് വീണ്ടും കാലതാമസത്തിന് കാരണമാകും. ഇപ്പോൾത്തന്നെ രണ്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. കുറ്റക്കാരനായ കരാറുകാരനെതിരെ നടപടി സ്വീകരിക്കണം. റീ-ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണം. ഇത് ചെമ്പൈ ഗ്രാമത്തിലുള്ളതാണ്. ചെമ്പൈയുടെ വീടിനടുത്തുള്ള സ്കൂളാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഒരു